
കെ.എച്ച് എം ഇസ്മയിൽ എന്ന ബഹുമുഖവ്യക്തിത്വം

ഡോ. സ്കറിയ സക്കറിയ
(റിട്ട. പ്രൊഫ. ശ്രീശങ്കര സംസ്കൃത സർവ്വകലാശാല)



സെന്റ് ബെർക്ക്മാൻസ് കോളേജിൽ പൊതുജനങ്ങളെപങ്കെടുപ്പിച്ചു കൊണ്ടുള്ള വലിയ പരിപാടികൾ ആസൂത്രണം ചെയ്യുമ്പോൾ നഗരത്തിലെ പ്രമുഖവ്യക്തികളെ വിളിച്ചു കൂട്ടാറുണ്ട്. അത്തരം സന്ദർഭങ്ങളിലെല്ലാം കെ.എച്ച്.എം ഇസ്മയിൽ നിത്യസാന്നിധ്യമായിരുന്നു. എസ്.ബി കോളജിന്റെ സുഹൃത്തും ബഹുജനപ്രവർത്തകനും വാണിജ്യപ്രമുഖനുമാണ് എന്റെ ഓർമ്മകളിലെ കെ.എച്ച്.എം. ഒരേ സമയം മതപരമായ നേതൃത്വത്തിലും വാണിജ്യപരമായ പ്രവർത്തനങ്ങളിലും ശ്രദ്ധ അർപ്പിക്കുക അത്ര എളുപ്പമല്ല. അതാണ് ബഹുമുഖവ്യക്തിത്വം എന്ന വിശേഷണത്തിന് അടിസ്ഥാനം.

നമ്മുടെ കാലഘട്ടം പലതരത്തിലും അത്ഭുതകരമായമുന്നേറ്റങ്ങൾ കണ്ടുകൊണ്ടിരിക്കുന്നു. ഉദാഹരണത്തിന് വിനിമയ വിദ്യയിൽ എന്തെല്ലാം അത്ഭുതങ്ങളാണ് ഉണ്ടായത്. ഫോൺ എന്ന ഉപകരണം നമ്മെ ആഗോളവിപണനശൃംഖലയുടെ ഭാഗമാക്കി. പ്രൈമറിസ്കൂൾ കുട്ടികൾപോലും ഫോണിലൂടെ അറിവുകൾ നേടുന്നതു കണ്ടു. വിനോദവഴികൾ കണ്ടെത്തുകയും ചെയ്യുന്നു. പക്ഷേ, ഫോണിലേക്ക് ഉറ്റുനോക്കികുനിഞ്ഞിരിക്കുന്നവർക്ക് തൊട്ടടുത്തിരിക്കുന്നവരുടെ ഉറ്റസമ്പർക്കം പലപ്പോഴും ശൂന്യമാണ്.ലോകം നമ്മുടെ വിരൽതുമ്പിലെത്തുമ്പോൾ അയൽക്കാർ പരിസരത്തില്ല, വിദൂരദേശങ്ങളിലും വൈവിദ്ധ്യമാർന്ന അനുഭവമേഖലകളിലുമാണ്. മാറിവരുന്ന

ഈ ലോകക്രമം അയൽക്കാരനെ അന്യനാക്കുന്നു. വല്ലാത്ത പ്രതിസന്ധിയാണിത്. മനുഷ്യന്റെ സഹജമായ സാമൂഹിക വാസനകളെ ബോധപൂർവ്വം, ക്ഷമാപൂർവ്വം പരിപോഷിപ്പിക്കേണ്ടതുണ്ട്. ഞാനിതെല്ലാം ഇവിടെ സൂചിപ്പിക്കുന്നത് കാലം മാറുന്നതിനനുസരിച്ച് വ്യക്തിബന്ധത്തിലെയും സാമൂഹ്യബോധത്തിലെയും വൈകാരികത നഷ്ടപ്പെടുത്താതെ പ്രവർത്തിച്ച കെ.എച്ച്.എമ്മിനെക്കുറിച്ച് ഓർത്തുപോയതുകൊണ്ടാണ്. അദ്ദേഹം നഗരത്തിലെ നാനാതരക്കാരുമായി നിത്യ സമ്പർക്കത്തിലായിരുന്നു . പൗരബോധത്തിലൂന്നിയ ഒരു സാമൂഹിക ശൃംഖലയുടെ കണ്ണിയായിട്ടാണ് കെ.എച്ച്.എമ്മിന്റെ മുഖം ഓർമ്മയിൽ തെളിയുന്നത്. ഏർപ്പെടുന്ന മണ്ഡലങ്ങളിലെല്ലാം മികവുകാട്ടി രാഷ്ട്രീയത്തിലും വാണിജ്യത്തിലും സാംസ്കാരികപ്രവർത്തനങ്ങളിലും സമുദായ മണ്ഡലത്തിലും തുല്യ നിലയിൽ പ്രശോഭിച്ച ചങ്ങനാശ്ശേരിക്കാരനായി കെ.എച്ച്.എം എന്നും അനുസ്മരിക്കപ്പെടും.